ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
പബ്ലിക് ഓഫീസ്, മ്യൂസിയം, തിരുവനന്തപുരം -33
ഇ മെയിൽ:- ceworksirrigation@gmail.com

No. W6/ 22845/2017

തീയതി: 14/08/2020

## സർക്കുലർ

വിഷയം - ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള വിവിധ ഉപ കാര്യാലയങ്ങളുടെ delegation of powers നടപ്പിലാക്കുന്നതു സംബന്ധിച്ച്

പരാമർശം - GO(P)No.111/2019/Fin dated 21/08/2019

ഇറിഗേഷൻ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന മരാമത്ത് പണികൾക്ക് ഭരണ - സാങ്കേതികാനുമതി അനുവദിക്കൽ, റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കൽ, ടെണ്ടറിംഗ് നടപടിക്രമങ്ങൾ, കരാർ ഒപ്പിടൽ, മറ്റ് അനുബന്ധ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് ഓരോ ഉദ്യോഗസ്ഥരുടേയും delegation of powers വിശദമാക്കിക്കൊണ്ട് മേൽ വിവരിച്ചിട്ടുള്ള പരാമർശപ്രകാരം 21.08.2019 ൽ ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ പല ഓഫീസകളിലും നിലവിൽ പ്രസ്തുത പരിധി പാലിക്കുന്നില്ലയെന്നും, ഉപ കാര്യാലയങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ പലതും ഉപരി കാര്യാലയങ്ങൾ കൈകാര്യം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ എല്ലാ പ്രവർത്തനങ്ങളും നിലവിലെ delegation of power പ്രകാരം അതത് കാര്യാലയങ്ങളിൽ തന്നെ കർശനമായി പാലിക്കപ്പെടേണ്ടതാണ്. അപ്രകാരം ചെയ്യാത്ത പ്രവർത്തനങ്ങൾ എല്ലാം നിയമവിരുദ്ധവും അതത് ഉദ്യോഗസ്ഥർ അതിന്മേലുള്ള എല്ലാ നിയമ നടപടികൾക്കും ബാദ്ധ്യതക്കും വിധേയമായിരിക്കും എന്ന് ഇതിനാൽ അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ